പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1075 | 30.11.2018-ൽ മറുപടിക്ക്

# ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് 27.10.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.1325/2016/തൊഴിൽ പ്രകാരം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പ്രതിവർഷം 15,000/- രൂപയുടെ സൗജന്യ ചികിത്സാ സഹായവും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. 23.11.2018 വരെ 324773 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. "ചിയാക്ക"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ, ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 15,000/- രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകിവരുന്നുണ്ട്. |

| | | |
|---|---|---|
| | | ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000/- രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള രജിസ്ട്രേഷൻ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ബി) ടി പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ തുടർന്ന് വരികയാണ്. കാലപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.